പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3887

25.6.2013 ൽ
മറുപടിയ്ക്ക്

ടാറ്റാ കൺസൾട്ടൻസിക്ക് അനുവദിച്ച് നൽകിയ ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സാജു പോൾ ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) | |
| എ) | ടെക്നോസിറ്റിക്കുവേണ്ടി അക്വയർ ചെയ്ത ഭൂമിയിൽ നിന്നും ടാറ്റാ കൺസൾട്ടൻസിക്ക് എത്ര ഏക്കർ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട് ; | (എ) യും (ബി) യും | ടാറ്റാ കൺസൾട്ടൻസിക്ക് 29.10.2010 ലെ കരാർ അനുസരിച്ച് 82 ഏക്കറും31.5.2013 ലെ കരാർ പ്രകാരം 15 ഏക്കറും ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പാട്ടത്തുക അനുസരിച്ച് 90 വർഷത്തെ പാട്ടക്കരാർ വ്യവസ്ഥയിലാണ് ഭൂമി നൽകിയിട്ടുള്ളത്. ഭൂമി അനുവദിച്ച വ്യവസ്ഥകൾ ഉൾപ്പെടുന്ന ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | എന്നാണ് ടാറ്റാ കൺസൾട്ടൻസിക്ക് ഭൂമി അനുവദിച്ചു നൽകിയത് എന്നും എന്ത് വ്യവസ്ഥ പ്രകാരമാണ് നൽകിയതെന്നും വ്യക്തമാക്കാമോ ; | | |
| സി) | അനുവദിച്ച ഭൂമിയിൽ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; | സി) | ഇല്ല. |
| ഡി) | സ്ഥാപനം തുടങ്ങിയിട്ടില്ലെങ്കിൽ അത്തരം സ്ഥാപനങ്ങൾക്ക് അനുവദിച്ച ഭൂമി സമയപരിധി കഴിഞ്ഞാൽ സർക്കാർ ഏറ്റെടുക്കുമോ എന്ന കാര്യം വിശദമാക്കാമോ ? | ഡി) | ടാറ്റാ കൺസൾട്ടൻസിക്ക് അനുവദിച്ച ഭൂമിയിൽ ഏകദേശം 3600 കോടി രൂപ മുതൽ മുടക്ക് ഉദ്ദേശിക്കുന്ന ലോകോത്തര നിലവാരമുള്ള ഗ്ലോബൽ ലേണിംഗ് സെന്റർ സ്ഥാപിക്കുന്നതിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറായിക്കഴിഞ്ഞു. ഈ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി ടാറ്റാ കൺസൾട്ടൻസിയുടെ ഒരു ഉന്നത ഉദ്യോഗസ്ഥൻ ചുമതല ഏറ്റെടുത്തിട്ടുണ്ട്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നതിനാൽ ടാറ്റാ കൺസൾട്ടൻസിക്ക് നൽകിയ ഭൂമി തിരിച്ചെടുക്കുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**